NIRAMAYA

പ്രസ് റിലീസ് 17-04-2020

ആരോഗ്യ സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഓഫീസ്

എല്ലാ ആയുർവേദ ആശുപത്രികളിലും ആയുർരക്ഷാ ക്ലിനിക്കുകൾ

തിരുവനന്തപുരം: കോവിഡ്-19ന്റെ പശ്ചാത്തലത്തിൽ രോഗ പ്രതിരോധത്തിനുവേണ്ടി സംസ്ഥാന സർക്കാർ ആയുഷ് വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സ്റ്റേറ്റ് ആയുർവേദ കോവിഡ് റെസ്‌പോൺസ് സെല്ലിന്റെ ആഭിമുഖ്യത്തിൽ ആയുർരക്ഷാ ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി കെ.കെ. ശൈലജ ടീച്ചർ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ സർക്കാർ, എൻ.എച്ച്.എം ആയുർവേദ ഡിസ്‌പെൻസറികളിലും ആശുപത്രികളും ആയുർരക്ഷാ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നതിനുള്ള നിർദ്ദേശമാണ് നൽകിയിരിക്കുന്നത്. അതാത് പ്രദേശത്തെ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ജനങ്ങൾക്ക് രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നതിനുള്ള ആയുർവേദ ഔഷധങ്ങളും നിർദേശങ്ങളും നൽകുകയാണ് ആയുർരക്ഷാ ക്ലിനിക്കുകൾ വഴി ഉദ്ദേശിക്കുന്നത്. പൊതുജനാരോഗ്യ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ഭാരതീയ ചികിത്സാ വകുപ്പിന്റെയും ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സർക്കാർ സ്വകാര്യ ആയുർവേദ കോളേജുകൾ, മറ്റ് ആശുപത്രികൾ എന്നിവയുടെ സേവനം ഉപയോഗപ്പെടുത്തിയാണ് ആയുർരക്ഷാ ക്ലിനിക്ക് പ്രവർത്തിക്കുകയെന്നും മന്ത്രി വ്യക്തമാക്കി.

നീണ്ടു പോകുന്ന ലോക് ഡൗൺ കാലത്ത് ജീവിതശൈലീ രോഗങ്ങൾ അനിയന്ത്രിതമാകാൻ ഇടയുണ്ട്. ഇതിനുള്ള ആയുർവേദ പ്രതിരോധമായി ലളിതമായ യോഗാസനങ്ങളും ശ്വസനപരിശീലനങ്ങളും ഉൾപ്പെടുത്തി പ്രതിദിനം 20 മിനിട്ട് നീണ്ടുനിൽക്കുന്ന സാർവത്രിക വ്യായാമ പരിപാടി 'സ്വാസ്ഥ്യ' എന്ന പേരിൽ സംസ്ഥാന ആയുർവേദ കോവിഡ് റെസ്‌പോൺസ് സെല്ലിന്റെ ഭാഗമായി ആരംഭിക്കുന്നു. 60 വയസിന് മുകളിലുള്ള വയോജനങ്ങൾക്ക് ശാരീരികവും മാനസികവുമായ പിന്തുണ നൽകുന്നതിനുവേണ്ടി 'സുഖായുഷ്യം' എന്ന പേരിൽ പ്രത്യേക വൃദ്ധജനാരോഗ്യ സംരക്ഷണ, പ്രതിരോധ പ്രവർത്തനങ്ങൾ ആയുർരക്ഷാ ക്ലിനിക്കുകൾ വഴി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ആയുർവേദ കോളേജുകളിലും ജില്ലാ ആയുർവേദ ആശുപത്രികളിലും മറ്റു ആയുർവേദ സ്‌പെഷ്യാലിറ്റി ആശുപത്രികളിലും ചികിത്സയിലിരിക്കുന്ന രോഗികൾക്ക് കോവിഡ് വ്യാപനത്തെ തുടർന്ന് തുടർചികിത്സ ബുദ്ധിമുട്ടായ സാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ സാഹചര്യം ഒഴിവാക്കുന്നതിന് ഒരു ഓൺ കോൾ ഒ.പി. സംവിധാനം നിരാമയ എന്ന പേരിൽ ആരംഭിക്കുന്നതാണ്. രോഗികൾക്ക് സ്‌പെഷ്യാലിറ്റി കൺസൾട്ടേഷനും ക്വാറന്റയിൻ/ഐസൊലേഷൻ രോഗികൾക്ക് കൗൺസലിംഗ് സൗകര്യങ്ങളും പൊതുവായ വൈദ്യോപദേശങ്ങളും നിരാമയ ഓൺ കോൾ ഒ.പി. സംവിധാനം വഴി ലഭ്യമാക്കും.

സംസ്ഥാനതല ആയുർവേദ കോവിഡ് റെസ്‌പോൺസ് സെല്ലുകൾ, മേഖലാതല ആയുർവേദ കോവിഡ് റെസ്‌പോൺസ് സെല്ലുകൾ, ജില്ലാതല ആയുർവേദ കോവിഡ് റെസ്‌പോൺസ് സെല്ലുകൾ എന്നിവയാണ് രോഗ പ്രതിരോധത്തിനുള്ള പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നത്. രോഗ പ്രതിരോധത്തിന് വേണ്ടി സംസ്ഥാന ആയുർവേദ കോവിഡ് റെസ്‌പോൺസ് സെൽ പൊതുജനങ്ങൾക്കായി വിവിധങ്ങളായ നിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.